**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3593** **05-08-2021 - ൽ മറുപടിയ്ക്ക്**

**കയർ രണ്ടാം പുന:സംഘടന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീമതി ദെലീമ,<br>ശ്രീമതി ഒ എസ് അംബിക** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് രൂക്ഷമായ പ്രതിസന്ധി നേരിട്ടിരുന്ന കയർ വ്യവസായം രണ്ടാം കയർ പുന:സംഘടന പദ്ധതിയിലൂടെ പുനരുദ്ധരിക്കാൻ കഴിഞ്ഞ സർക്കാരിന് സാധിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പരമ്പരാഗത കയർ വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും പരമ്പരാഗത കയർ തൊഴിലാളികളുടെ ഉന്നമനത്തിനും വേണ്ടി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന നൂതന പദ്ധതിയാണ് കയർ രണ്ടാം പുനസംഘടന.13-ാം പഞ്ചവത്സരപദ്ധതിക്കാലത്ത് ആരംഭിച്ച ഈ പദ്ധതി 2021-22 വർഷത്തിൽ പൂർത്തിയാകുന്നതാണ്. ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും, കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. കയർ സഹകരണ മേഖലയുടെ കാര്യക്ഷമമായ പുന:സംഘടന ഇതു വഴി കൈവരിക്കാൻ സാധിക്കുന്നതാണ്. സംസ്ഥാനത്ത് ഇതിനോടകം തന്നെ 8000 മുതൽ 80,000 തൊണ്ട് വരെ പ്രതിദിനം ചകിരിയാക്കാൻ കഴിയുന്ന 130 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. 27 ഡി.എഫ്. മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡി.എഫ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം കയർ കേരള 2019 ൽ ഒപ്പുവയ്ക്കുകയും തുടർ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. നിലവിൽ 50,000 ടൺ ചകിരി ഉത്പാദിപ്പിക്കാനുള്ള സ്ഥാപിതശേഷി ആർജിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. 2015-16 ൽ കേവലം 2.5% ൽ താഴെമാത്രം ചകിരി ഉല്പാദനം |

ഉണ്ടായിരുന്ന സ്ഥാനത്ത് 2020-21 ൽ 32% ചകിരി ഉല്പാദനം കേരളം കൈവരിച്ചു. കയർ രംഗത്ത് നടപ്പാക്കിയ പുനസംഘടനയുടെ വിജയമാണ് ഇത് വെളിവാക്കുന്നത്.തൊണ്ടിന്റെ ഉപയോഗം 5% ൽ നിന്നും 18% ആയി ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് കയർ വ്യവസായത്തെ ആധുനികവത്ക്കരിക്കുക എന്നതാണ് കയർ രണ്ടാം പുന:സംഘടനയുടെ സവിശേഷത.ഇതിനായി പരമ്പരാഗത തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത റാട്ടുകൾ, ഇലക്ട്രോണിക് റാട്ടുകൾ എന്നിവയിലെ കയർ ഉല്പാദനത്തിന് കൂലിയുടെ ഒരു വിഹിതം ഇൻകം സപ്പോർട്ട് എന്ന രീതിയിൽ സർക്കാർ വഹിക്കുന്നു. കയർ മേഖലയിൽ ഓട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതോടെ തൊഴിലാളികളുടെ അധ്വാനഭാരം കുറയുകയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും തൻമൂലം വരുമാനം കൂടുകയും ചെയ്യും. മെച്ചപ്പെട്ട വരുമാനം ലഭ്യമാകുകയും തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുകയും ചെയ്യും. കയർ രണ്ടാം പുന:സംഘടനയുടെ ഭാഗമായി 100 കയർ സഹകരണ സംഘങ്ങളിൽ 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു.ഇവ സ്ഥാപിച്ച സംഘങ്ങളിലെ തൊഴിലാളികളുടെ പ്രതിദിന വേതനം കയറിന്റെ ഇുക്കവും റണ്ണേജും കണക്കിലെടുത്ത് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.പരമാവധി 500 രൂപാവരെ സർക്കാർ സഹായമില്ലാതെ തൊഴിലാളിക്ക് ഇത്തരം സംഘങ്ങളിൽ ലഭിക്കുന്നുണ്ട്. 2015-16 കാലയളവിൽ ഒരു തൊഴിലാളിയുടെ ശരാശരി വാർഷിക വരുമാനം 13,380/- രൂപയായിരുന്നത് 2020-21 ൽ കയർ ഉത്പാദനം വർദ്ദിച്ചതോതിൽ നടക്കുന്ന പ്രോജക്ടുകളിൽ 50,000/- രൂപയിലേയ്ക്ക് ഉയർത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. 2015-16 ൽ 7880 ടൺ ആയിരുന്ന കയർ ഉത്പാദനം 2020-21 സാമ്പത്തിക വർഷത്തിൽ 25000 ടൺ ആയി ഉയർത്താൻ സാധിച്ചിട്ടുണ്ട്. കയർ ഉല്പന്ന മേഖലയെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും ഒഴിവാക്കാൻ ആരംഭിച്ച പർച്ചേസ് പ്രൈസ് സ്റ്റബിലൈസേഷൻ പദ്ധതി (PPSS) പ്രകാരം 2015-16 വരെ പിന്നിട്ട 5 വർഷം കൊണ്ട് 399 കോടി രൂപയുടെ ഉല്പന്നങ്ങൾ കയർ കോർപ്പറേഷൻ വഴി സംഭരിച്ച സ്ഥാനത്ത് 2016-17 മുതൽ 2020-21 വരെ 732 കോടി രൂപയുടെ ഉല്പന്ന സംഭരണം നടത്തുന്നതിന് കഴിഞ്ഞു. ഈ പദ്ധതിയിൽ ഇതിൻപ്രകാരം 83% വർദ്ധനവ് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഉൽപ്പാദിപ്പിച്ച

| | | | |
|---|---|---|---|
| | | | കയറിന് വിപണി കണ്ടെത്തുന്നതിനായി എം.എൻ.ആർ.ഇ.ജി.എസ് മായി ചേർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മണ്ണ് ജല സംരക്ഷണ പദ്ധതിയ്ക്കും, റോഡ് നിർമ്മാണത്തിനും കയർ ഭൂവസ്ത്ര പദ്ധതി നടപ്പിലാക്കി വരുന്നു. ഇതുവരെ 100 കോടി രൂപയുടെ കയർഭൂവസ്ത്ര പദ്ധതി നടപ്പാക്കിയിട്ടുണ്ട്. |
| (ബി) | തൊഴിലാളികളുടെ താല്പര്യം പരിരക്ഷിച്ചുകൊണ്ട് നടത്തിയ ആധുനികവത്ക്കരണ പ്രവർത്തനങ്ങൾ വഴി ഉത്പാദനത്തിൽ ഗണ്യമായ വർദ്ധന സൃഷ്ടിക്കാനായിട്ടുണ്ടോ; എങ്കിൽ ഇതിന്റെ തുടർച്ചയായി ഇതിനാവശ്യമായ വിപണികൂടി കണ്ടെത്താനുള്ള ഫലപ്രദമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | (ബി) 2015-16 ൽ 7880 ടൺ ആയിരുന്ന കയർ ഉത്പാദനം 2020-21 സാമ്പത്തിക വർഷത്തിൽ 25000 ടൺ ആയി ഉയർത്താൻ സാധിച്ചിട്ടുണ്ട്. മുൻവർഷത്തെ അപേക്ഷിച്ച് 22% വർദ്ധനവ് കൈവരിച്ചു.ഉൽപ്പാദിപ്പിച്ച കയറിന് വിപണി കണ്ടെത്തുന്നതിനായി എം.എൻ.ആർ.ഇ.ജി.എസ് മായി ചേർന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മണ്ണ് ജല സംരക്ഷണ പദ്ധതിയ്ക്കും, റോഡ് നിർമ്മാണത്തിനും കയർ ഭൂവസ്ത്ര പദ്ധതി നടപ്പിലാക്കി വരുന്നു. ഇതു വരെ 100 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 2020-21 വെർച്ചൽ കയർകേരളയിൽ 120 കോടി രൂപയുടെ കയർ ഭൂവസ്ത്രധാരണാപത്രം തദ്ദേശ സ്വയംഭരണ സ്ഥാപന- ങ്ങളുമായി ഒപ്പ് വെച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ രണ്ടാംപുന:സംഘടനയുടെ ഭാഗമായി കയർവകുപ്പ് നെതർലൻറ്സിലെ വാഗനിംഗൻ സർവ്വകലാശാലയുമായി കയർ കോംപോസിറ്റ്സ് ബോർഡ് വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ഒരു പദ്ധതിയ്ക്ക് MOU ഒപ്പുവച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ മൊത്തം ചെലവ് 100 കോടിരൂപയാണ്.ഡി.എഫ്. യൂണിറ്റുകളിൽ നിന്നും കയർ പിത്തിന്റെ വിൽപ്പന നടക്കുന്നു. 2016 ൽ 50 പൈസ കിലോയ്ക്ക് ലഭിച്ചിരുന്ന കയർപിത്തിന് ഇന്ന് 4.00 രൂപ വില ലഭിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇത് കയർ രണ്ടാം പുന:സംഘടനയുടെ എടുത്തു പറയേണ്ട ഒരു നേട്ടമാണ്.കയർ ഉത്പന്നങ്ങളുടെ വിപണനം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർഫെഡ് എന്നീ കയർ പൊതുമേഖലാ സ്ഥാപനങ്ങളാണ് നിർവ്വഹിക്കുന്നത്. ആഭ്യന്തര വിപണി വികസിപ്പിക്കുന്നതിനായി റിലയൻസ്, വാൾമാർട്ട് കമ്പനികളുമായി ധാരണാപത്രം ഒപ്പ് വെച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിൽ പ്രത്യേക ഡിസ്കൗണ്ടുകളോടുകൂടി സംസ്ഥാനത്തിനകത്തും പുറത്തും ഷോറൂമുകൾ വഴി കയർ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നുണ്ട്. കയറിന്റേയും മറ്റ് പ്രകൃതിദത്തനാരുകളുടേയും വിപണി വിപുലീകരണം ലക്ഷ്യമാക്കി അന്തർദേശീയ പ്രദർശന മേളയായ കയർ കേരള നടത്തുന്നു. 2021 വെർച്ചൽ കയർ കേരളയിൽ 616.72 കോടി രൂപയുടെ വ്യാപാര കരാർ ഒപ്പിടുകയുണ്ടായി. ഇപ്രകാരം മേളകൾ |

| | | | |
|---|---|---|---|
| | | | സംഘടിപ്പിക്കുക വഴിയും ആഭ്യന്തര വിദേശ വിപണി വിപുലീകരിക്കുന്നതിന് കഴിയുന്നുണ്ട്. കയർ പൊതുമേഖലാസ്ഥാപനങ്ങൾ സ്വന്തം നിലയ്ക്കും വിപണി വിപുലീകരണത്തിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. കോവിഡ് കാലത്ത് പാദങ്ങളുടെ ശുചിത്വം ലക്ഷ്യംവെച്ച് സാനിമാറ്റ്, സാനിപാഡ് എന്ന പേരിൽ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനും കയർഫെഡും ഉത്പന്നങ്ങൾ മാർക്കറ്റിൽ ഇറക്കുകയുണ്ടായി. ഇവയിൽ കൈത്തറി തടുക്കുകൾ ഉപയോഗിക്കുന്നുണ്ട്. |
| (സി) | തൊണ്ടുസംഭരണവും ചകിരി ഉത്പാദനവും കാര്യക്ഷമമാക്കാൻ നടന്നു വരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ? | (സി) | ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെൻററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെൻററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിക്കുന്നതിനും കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ വടക്കൻ മേഖലകളിൽ കൂടുതൽ തൊണ്ട് ലഭ്യമാകുന്നതിനാൽ ആ മേഖലകളിൽ കൂടുതൽ ഡി.എഫ് മില്ലുകൾ സ്ഥാപിക്കുന്നതിനും സബ്സിഡി നൽകികൊണ്ട് സ്വകാര്യ സംരംഭകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തൊണ്ട് ലഭ്യത താരതമ്യേന കുറവുള്ള തെക്കൻ മേഖലകളിൽ ന്യായവിലയിൽ തൊണ്ട് ലഭ്യമാക്കുന്നതിന് വൈക്കം ആസ്ഥാനമായി രൂപീകരിച്ച കയർ കൺസോർഷ്യം വഴി സാധ്യമായിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം നിലവിൽ വൈക്കം കേന്ദ്രീകരിച്ചാണ് നടക്കുന്നതെങ്കിലും കേരളത്തിലെ മുഴുവൻ സംഘങ്ങൾക്കും ഇതിന്റെ സേവനം ലഭ്യമാണ്. കയർ സഹകരണ സംഘങ്ങൾക്ക് തൊണ്ട് സംഭരിക്കുന്നതിനായി റിവോൾവിംഗ് ഫണ്ട് ഇനത്തിൽ 2 ലക്ഷം രൂപവരെയും സംഭരിക്കുന്ന തൊണ്ടിന് സബ്സിഡിയും ഈ പദ്ധതി പ്രകാരം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ